**16U651** (Pages: 2) Name: .......................................

Reg. No: ...................................

**SIXTH SEMESTER B.A. DEGREE EXAMINATION, APRIL 2019**

(Regular/Supplementary/Improvement)

(CUCBCSS - UG)

**CC15U MAL6 E03 - സൈബർ മലയാളം**

Malayalam - Elective Course

(2015 Admission onwards)

Time: Three Hours Maximum: 80 Marks

**I. എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക. ഓരോന്നിനും ½ മാർക്ക് വീതം.**

1. ഹൈപ്പർ ടെക്സ്റ്റിനു സമാനമായി തിരമൊഴി എന്ന പദം ആദ്യം പ്രയോഗിച്ചതാര്?
2. യൂണികോഡിന്റെ മലയാളം പതിപ്പ് നിലവിൽ വന്ന വർഷം.
3. 'നൃത്തം' - രചിച്ചതാര്?
4. ഒരു യൂണികോഡ് മലയാളം ഫോണ്ടിന്റെ പേരെഴുതുക.
5. 'ഓളം' എന്നാലെന്ത്?
6. ഒരു മലയാളം ലിപ്യന്തരണ സോഫ്റ്റ്വെയറാണ് ............................. .
7. OCR പൂർണ്ണരൂപം.
8. 'ഹരിതകം.കോം' എന്നാലെന്ത്?
9. ലോകമാതൃഭാഷാദിനം എന്ന്?
10. ആദ്യത്തെ മലയാളം വെബ്സൈറ്റ് ഏത്?

**(10 x ½ = 5 Marks)**

**II. എല്ലാ ചോദ്യത്തിനും ഒന്നോ രണ്ടോ വാകൃത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം.**

11. ലിപ്യന്തരണം എന്നാലെന്ത്? ഉദാഹരണസഹിതം വിവരിക്കുക.
12. വിക്കി ഗ്രന്ഥശാലയെപ്പറ്റി വിവരിക്കുക.
13. വെബ്പോർട്ടൽ എന്നാലെന്ത്?
14. സൈബർ സാഹിത്യം എന്നാലെന്ത്?
15. സിറ്റിസൺ ജേണലിസം എന്നാലെന്ത്?

**(5 x 2 = 10 Marks)**

III. **ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.**

16. വാസ്തവാനന്തരയുഗം (Post Truth Era) എന്ന് നാം ജീവിക്കുന്ന മാധ്യമീകൃതകാലത്തെ വിളിക്കുന്നതെന്തുകൊണ്ട്?
17. മലയാളം ബ്ലോഗുകളെപ്പറ്റി വിവരിക്കുക.
18. സ്വതന്ത്ര സോഫ്റ്റ്‌വെയർ, കുത്തക സോഫ്റ്റ്‌വെയർ - ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?
19. മലയാളത്തിലെ പ്രധാന വെബ്സൈറ്റുകളെ പരിചയപ്പെടുത്തുക.
20. മലയാളത്തിൽ ലിപിപരിഷ്കരണത്തിന്റെ പരിണതഫലങ്ങൾ എന്തെല്ലാം?
21. മലയാളം കമ്പ്യൂട്ടിങ്ങിന്റെ ഘട്ടവിഭജനത്തെപ്പറ്റി ലഘുവായി ഉപന്യസിക്കുക.
22. തിരമൊഴിയുടെ സവിശേഷതകൾ എന്തെല്ലാം?

**(5 x 5 = 25 Marks)**

IV. **ഏതെങ്കിലും നാല് ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക. ഓരോന്നിനും 10 മാർക്ക് വീതം.**

23. മലയാളം കമ്പ്യൂട്ടിങ്ങിന്റെ ചരിത്രം, സമകാലികാവസ്ഥ എന്നിവയെപ്പറ്റി ഉപന്യസിക്കുക.
24. മലയാളത്തിലെ സൈബർ സാഹിത്യം, ഇ.സാഹിത്യം എന്നിവയെപ്പറ്റി വിമർശനാത്മകമായി ചർച്ച ചെയ്യുക.
25. മലയാളം വിക്കിമീഡിയസംരംഭങ്ങളുടെ ഉത്ഭവ, വികാസ, പരിണാമങ്ങളെപ്പറ്റി വിവരിക്കുക.
26. മലയാളിയുടെ മാതൃഭാഷയോടുള്ള മനോഭാവം മലയാളം കമ്പ്യൂട്ടിങ്ങിന്റെ ശരിയായതും വേഗത്തിലുള്ളതുമായ വളർച്ചയ്ക്ക് വിഘാതമായിട്ടുണ്ടോ? സ്വാഭിപ്രായം വിശദീകരിക്കുക.
27. 'ഭാഷയുടെ പരിണാമചരിത്രം സാങ്കേതികവിദ്യയുടെ പരിണാമചരിത്രം കൂടിയാണ്. വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്കും പിന്നീട് തിരമൊഴിയിലേക്കും അത് പരിണമിക്കുന്നു. - ശരിയോ? ചർച്ച ചെയ്യുക.
28. സാമൂഹ്യമാധ്യമങ്ങൾ മലയാളിജീവിതത്തെ എത്രകണ്ട് സ്വാധീനിച്ചിട്ടുണ്ട്? പരിശോധിക്കുക.

**(4 x 10 = 40 Marks)**

*******